Circular No: SBV 25/2019-21

# സമസ്ത കേരള സുന്നി ബാലവേദി


(Under: **സമസ്ത കേരള ജംഇയ്യത്തുൽ മുഅല്ലിമീൻ സെൻട്രൽ കൗൺസിൽ**)

**സമസ്താലയം, ചേളാരി, പി.ഒ. തേഞ്ഞിപ്പലം, മലപ്പുറം – 673 636. ഫോൺ: 0494 2400530, 2400749**

**website: www.sksbv.in, Email: sksbvstate@gmail.com**


***സുന്നി ബാലവേദി സംസ്ഥാന കമ്മിറ്റിയിൽ നിന്ന് ജില്ല, റെയ്ഞ്ച്, മദ്റസ യൂണിറ്റ് ജംഇയ്യത്തുൽ മുഅല്ലിമീൻ, സുന്നി ബാലവേദി എന്നിവയുടെ ഭാരവാഹികളെ അറിയിക്കുന്നത്.***

മാന്യരെ, **السلام عليكم**

## സത്യസമ്മേളനം

പ്രവാചകചര്യയെ മുൻനിർത്തി വിദ്യാർത്ഥികളിൽ സത്യശീലങ്ങൾ വളർത്തേണ്ടതിന്റെ ആവശ്യകതയെ ബോധ്യപ്പെടുത്തുന്നതിന് **മാർച്ച് 25 മുതൽ ഏപ്രിൽ 01 വരെ** സത്യസമ്മേളനങ്ങൾ സംഘടിപ്പിക്കേണ്ടതാണ്. **'പറയാം നമുക്ക് സത്യം മാത്രം അതെത്ര കൈപേറിയതാണെങ്കിലും'** എന്ന തിരുവചനമാണ് സത്യ സമ്മേളനത്തിന്റെ പ്രമേയം. സത്യശീലം വിളംബരം ചെയ്യുകയും അസത്യത്തിന്റെ ദൂഷ്യ ഫലങ്ങൾ ബോധ്യപ്പെടുത്തുകയും ചെയ്യുന്നതോടപ്പം ഏപ്രിൽ ഒന്ന് കള്ളം പ്രചരിപ്പിക്കാനുള്ള ദിവസമാണെന്ന ധാരണയിൽ നിന്ന് സമൂഹത്തെ പരിരക്ഷിക്കുക എന്നതാണ് സത്യ സമ്മേളനത്തിന്റെ ലക്ഷ്യം. കാമ്പയിന്റെ സംസ്ഥാന തല ഉദ്ഘാടനം **മാർച്ച് 25 ന്** മലപ്പുറം ഈസ്റ്റ് ജില്ലയിൽ വെച്ച് നടക്കും.കോവിഡ് 19 പ്രോട്ടോക്കോൾ പാലിച്ചും, നിയന്ത്രണങ്ങൾക്ക് വിധേയമായും പരിപാടികൾ നടത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

**ഉത്ബോധന ക്ലാസ്സ് (റെയ്ഞ്ച്)**

റെയ്ഞ്ച് കമ്മറ്റിയുടെ നേതൃത്വത്തിൽ **മാർച്ച് 25 ന്** റെയ്ഞ്ച് കേന്ദ്രങ്ങളിൽ യുണിറ്റ് ഭാരവാഹികളെ പങ്കെടുപ്പിച്ച് എസ്.കെ.എസ്.ബി.വി സത്യസമ്മേളനം നടത്തുന്നതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുകയും റെയ്ഞ്ച് തല ഉദ്ഘാടനം നടത്തുകയും ചെയ്യുക.

**മോർണിങ് അസംബ്ലി(യൂണിറ്റ്)**

**മാർച്ച് 28 ന്** രാവിലെ മദ്റസ ആരംഭിക്കുന്നതിന് മുമ്പായി അസംബ്ലി വിളിച്ചുചേർക്കുകയും ഒരധ്യാപകൻ അല്ലെങ്കിൽ വിദ്യാർത്ഥിയെകൊണ്ട് 'പറയാം നമുക്ക് സത്യം മാത്രം അതെത്ര കൈപ്പേറിയതാണെങ്കിലും' എന്ന നബി (സ) തങ്ങളുടെ അധ്യാപനത്തെ ഉൾകൊള്ളിച്ചുകൊണ്ട് ഹ്രസ്വമായ ഒരു പ്രഭാഷണം നടത്തുകയും തുടർന്ന് താഴെ പറയുന്ന പ്രതിജ്ഞ മദ്റസാ ലീഡർ ചൊല്ലിക്കൊടുക്കുകയും ചെയ്യുക.

**സത്യസമ്മേളന പ്രതിജ്ഞ**

*ഞാൻ ഒരു സത്യവിശ്വാസിയാണ്. സത്യമായിരിക്കണം എന്റെ ശീലങ്ങൾ. അസത്യം പാപമാണ്. സത്യംപറയുന്നവരെ അല്ലാഹുവും ജനങ്ങളും ഇഷ്ടപ്പെടും. സത്യം സ്വർഗത്തിലേക്ക് നയിക്കും. അല്ലാഹുവിനെ ഭയപ്പെട്ട് ജീവിതം നയിക്കുന്ന ഞാൻ തമാശക്ക് പോലും കളവ് പറയില്ല. മാതാപിതാക്കളോടും അധ്യാപകരോടും കൂട്ടുകാരോടും മറ്റ് ഞാൻ ഇടപെടുന്ന മുഴുവൻ ആളുകളോടും സത്യം മാത്രമേ പറയുകയുള്ളൂ എന്ന് ഈ സത്യ സമ്മേളന ദിനത്തിൽ ഞാൻ പ്രതിജ്ഞ ചെയ്യുന്നു*

SKSBV SAMASTHALAYAM P.O. Thenhipalam PIN - 673 636 CHELARI

ചേളാരി
19-03-2021

എന്ന്
ജന. സെക്രട്ടറി (ഒപ്പ്)
SKSBV സംസ്ഥാന കമ്മിറ്റി

**NB: ഈ സർക്കുലർ ലഭിച്ചാൽ ഉടനെ അതാത് റെയ്ഞ്ചിൽപെട്ട എല്ലാ മദ്റസകൾക്കും എത്തിക്കേണ്ടതാണ്.**